പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1780 — 12.06.2019-ലെ മറുപടിക്ക്

## വിദ്യാർത്ഥികളുടെ കൺസഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ കൺസഷൻ വിതരണവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. യുടെ 18/07/2017 ലെ 67/393/2017 തീരുമാനപ്രകാരം വിദ്യാർത്ഥികളിൽ നിന്ന് അധിക പണപ്പിരിവ് നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എങ്കിൽ അത് ലഭ്യമാക്കാതെ പൊതുജനങ്ങളിൽ നിന്ന് കൺസഷൻ വിതരണ ഇനത്തിൽ അധിക തുക പിരിച്ചെടുത്തത് നീതിയുക്തമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവിൻ പ്രകാരം, വിദ്യാർത്ഥികൾക്ക് സൗജന്യ / കുറഞ്ഞ നിരക്കിലുള്ള യാത്ര അനുവദിച്ചിട്ടുണ്ട്. ടി സംവിധാനം നടത്തുന്നതിലേയ്ക്കുള്ള ഭരണപരമായ നടപടികൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. |
| (ബി) | മുൻസർക്കാർ സംസ്ഥാനത്തെ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന യാത്രാസൗജന്യത്തിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടില്ല എന്ന് നിയമസഭയെ അറിയിച്ചിട്ടുള്ളതിന് വിരുദ്ധമായി അനുമതിയില്ലാതെ വർദ്ധിപ്പിച്ച തുക പിരിച്ചെടുത്തതെ പ്രകാരമാണ്; വ്യക്തമാക്കുമോ; | (ബി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം തികച്ചും സൗജന്യമായാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര അനുവദിക്കുന്നത്. ഇതിന് വിരുദ്ധമായി യാത്രാനിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇതിന് വിരുദ്ധമായി തലസ്ഥാനത്തെ സിറ്റി ഡിപ്പോയിൽ 01-01-2018 മുതൽ 30-06-2018 വരെ യാത്ര കൺസഷൻ കിട്ടുന്നതിനുള്ള 34 അപേക്ഷകളിന്മേൽ നൂറ് രൂപയും ചില അവസരങ്ങളിൽ ഇതിന്റെ അഞ്ചിരട്ടി വരെയും പിരിച്ചെടുത്തത് ഗൗരവമായി കാണുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ അന്വേഷിക്കാതിരിക്കാനുള്ള കാരണം അറിയിക്കാമോ; | (ഡി) യും (ഇ) യും (എഫ്) ഉം | പ്രസ്തുത 34 അപേക്ഷകളിൻമേൽ 500 രൂപ വീതം ഈടാക്കിയത് സംബന്ധിച്ച് ചീഫ് ഓഫീസ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത 34 അപേക്ഷകളിന്മേൽ ഓരോന്നിലും എത്ര തുക വീതം പിരിച്ചെടുത്തുവെന്നും സ്വന്തം ഇഷ്ടപ്രകാരം ഇത്തരത്തിൽ സർക്കാരിനെ ധിക്കരിച്ച് പിരിവ് നടത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ; | | |
| (എഫ്) | അവർക്കെതിരെ നാളിതുവരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നേക്ക് ഏതെല്ലാം തലത്തിൽ എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**